

കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ വെള്ളാനിക്കര കാർഷിക സർവകലാശാല ആസ്ഥാനത്ത് ആരംഭിച്ച 'വൈഗ-2017' അന്തർദേശീയ ശിൽപശാലയും പ്രദർശനവും ഗവർണർ പി. സദാശിവം ഉദ്ഘാടനം ചെയ്യുന്നു. കെ. രാജൻ എംഎൽഎ, കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ തുടങ്ങിയവർ സമീപം.

'വൈഗ 2017': ശില്പശാലയ്ക്കും പ്രദർശനത്തിനും തുടക്കം

# കർഷകരുടെ വികാരങ്ങൾ മനസിലാക്കി നയസമീപനം അവലംബിക്കണം: പി. സദാശിവം

**തൃശൂർ:** കാർഷിക മേഖലയിൽനിന്നു മികച്ച വരുമാനം ഉറപ്പാക്കുന്നതിനും വിപണനമേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിനും ലക്ഷ്യമിട്ട് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ വെള്ളാനിക്കര കാർഷിക സർവകലാശാല ആസ്ഥാനത്ത് 'വൈഗ-2017' അന്തർദേശീയ ശിൽപശാലയും പ്രദർശനവും ആരംഭിച്ചു. ശില്പശാലയുടെ ഉദ്ഘാടനം ഗവർണർ പി. സദാശിവം നിർവഹിച്ചു. നവീന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കാർഷികരംഗത്തു സുസ്ഥിര വികസനം നടപ്പാക്കാൻ പുതുതലമുറയെ പരിപോഷിപ്പിക്കണമെന്ന് ഗവർണർ പി. സദാശിവം അഭിപ്രായപ്പെട്ടു. ഐടിയും വിദ്യാഭ്യാസവും വ്യവസായവുമെല്ലാം കൂട്ടിയിണക്കി കൃഷിരീതിയെ നവീകരിക്കാനുള്ള വലിയ സാധ്യതകൾ കേരളത്തിലുണ്ട്. കർഷകർക്കു കൃഷിഭൂമിയെ നല്ലരീതിയിൽ നവീകരിച്ചു സംരക്ഷിക്കാനുള്ള സഹായങ്ങൾ സർക്കാർ തലത്തിലുണ്ടാകണം. ഇതിനോടൊപ്പം കൃഷിഭൂമി എല്ലായിടത്തും രൂപപ്പെടുത്തിയെടുക്കാവുന്ന മാനസികാവസ്ഥയും ഉണ്ടാക്കിയെടുക്കണം. കൃഷിഭൂമിയിൽനിന്നു കർഷകനു നല്ല വിളയും അതിലൂടെ നല്ല വിലയും ലഭ്യമാക്കുന്നതിൽ ശ്രദ്ധചെലുത്തണം. കർഷകരുടെ വികാരങ്ങൾ മനസിലാക്കിക്കൊണ്ടുള്ള നയസമീപനം അവലംബിക്കേണ്ടതുണ്ട്. മൂല്യവർധിത ഉത്പന്നങ്ങൾ നിർമിച്ചു വിൽക്കുന്നതിലൂടെ കൃഷിക്കാരുടെ ജീവിത നിലവാരം ഉയർത്താനും കൃഷിയോടുള്ള ആഭിമുഖ്യം വളർത്താനും കഴിയും. കൃഷിക്കാവശ്യമായ സംവിധാനങ്ങളൊരുക്കാൻ സർക്കാർ ശ്രദ്ധിക്കുന്നുവെന്നത് വലിയ കാര്യമാണെന്നും പി. സദാശിവം പറഞ്ഞു.

കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ അധ്യക്ഷനായി. കെ. രാജൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഐ.എസ്. ഉമാദേവി, കാർഷിക സർവകലാശാല വൈസ് ചാൻസലർ ടിക്കാറാം മീണ, കാർഷിക വകുപ്പ് ഡയറക്ടർ എ.എം. സുനിൽകുമാർ എന്നിവർ പങ്കെടുത്തു. വൈഗയുടെ ഭാഗമായി വർണാഭമായ ഘോഷയാത്രയും നടന്നു. ശിൽപ്പശാലയോടനുബന്ധിച്ചു 31 വരെ വിവിധ സെഷനുകളിൽ നിയമസഭ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, മന്ത്രിമാരായ കെ.ടി. ജലീൽ, ടി.പി. രാമകൃഷ്ണൻ എന്നിവർ സംബന്ധിക്കും. ശില്പശാലയിൽ തായ്‌ലന്റ്, ശ്രീലങ്ക, ഫിലിപ്പൈൻസ്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിലെ പ്രതിനിധികളും പങ്കെടുക്കും. യുവകർഷകർക്കു കൂടുതൽ തൊഴിൽ അവസരങ്ങൾ ഉറപ്പാക്കാൻ 30നു യുവകർഷ സംരംഭക സംഗമവും സ്കൂൾ വിദ്യാർഥികൾക്കായി വിവിധ കലാമത്സരങ്ങളും സംഘടിപ്പിക്കും. മൂല്യവർധിത ഉത്പന്നങ്ങൾ കൂടാതെ, മൂല്യ വർധിത സാങ്കേതിക വിദ്യ, കൃഷി ഉപകരണങ്ങൾ, ഉത്പന്നനിർമാണ സാമഗ്രികൾ, നഴ്സറികൾ തുടങ്ങിയവയുടെ പ്രദർശനവും ഇതോടനുബന്ധിച്ചുണ്ട്. നാടൻ ഭക്ഷണശാലകൾ ഉൾപ്പെടെ 300 സ്റ്റാളുകളാണുള്ളത്. വൈകീട്ട് കലാസന്ധ്യയും അരങ്ങേറും. 31നാണ് സമാപനം.

**കൃഷിക്കാവശ്യമായ സംവിധാനങ്ങളൊരുക്കാൻ സർക്കാർ ശ്രദ്ധിക്കുന്നുവെന്നത് വലിയ കാര്യമാണെന്നും പി. സദാശിവം പറഞ്ഞു.**

Deepika 28.12.17